(1) പടിയൂർ പഞ്ചായത്ത്-ആകെ എണ്ണം-500, സ്ഥാപിച്ചത്-220. (2) മാപ്പൂർ - ആകെ എണ്ണം - 500, സ്ഥാപിച്ചത് - 325. (3) മട്ടന്നൂർ മുനിസിപ്പാലിറ്റി-ആകെ എണ്ണം-500, സ്ഥാപിച്ചത്-225.

LED ബൾബുകളുടെ പാക്കേജിലെ എണ്ണം സംബന്ധിച്ചും ബൾബുകളുടെ വിലയെ സംബന്ധിച്ചുമുള്ള തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പർച്ചേസ് ഓർഡർ നൽകി 4 മാസത്തിനകം പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പമ്പാനദിയിൽ ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതി

208(222) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിൽ പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

&

(ബി) നിർദ്ദിഷ്ട ജലവൈദ്യുത പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

പമ്പാനദിയിൽ താഴെപ്പറയുന്ന രണ്ട് ജലവൈദ്യുത പദ്ധതികൾ പ്രാരംഭ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാകുന്നു. പുതുക്കിയ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

1. പാറക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി (10 മെഗാവാട്ട്).

2. പെരുന്തേനരുവി സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (4 മെഗാവാട്ട്).

പ്രസരണനഷ്ടം ഒഴിവാക്കുവാൻ പദ്ധതികൾ

209(223) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത മേഖലയിലെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും വോൾട്ടേജ് നിലവാരം ഉയർത്തുകയും

LIBRARY ARCHIVES Kerala Legislative Assembly